# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2115      10.10.2011-ലെ മറുപടിക്ക്

# മീനാട് കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീമതി പി. ആയിഷാ പോറ്റി | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി മീനാട് കുടിവെള്ള പദ്ധതിയിൽ ഇപ്പോൾ എന്തെല്ലാം പ്രവർത്തികളാണ് നടന്നുവരുന്നത്; | (എ) മീനാട് കുടിവെള്ള പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ 4 പാക്കേജുകളായിട്ടാണ് നടപ്പിലാക്കിവരുന്നത്. ഓരോ പാക്കേജിലും ഇപ്പോൾ നടന്നുവരുന്ന പ്രവർത്തികൾ താഴെ പറയും പ്രകാരമാണ്.<br>**പാക്കേജ്** 1 - (ഇൻടേക്ക് വെൽ, റാവാട്ടർ പമ്പിംഗ് മെയിൻ, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്) പണി പൂർത്തീകരിച്ചു.<br>**പാക്കേജ്** 2 - (79.8 കി.മീറ്റർ ട്രാൻസ്മിഷൻ പൈപ്പ് ലൈൻ) ട്രാൻസ്മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലി പൂർത്തീകരിച്ചു. പദ്ധതിയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനുള്ള സ്കാഡ സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പണികൾ നടന്നുവരുന്നു.<br>**പാക്കേജ് 3** - (ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ) 924 കി.മീറ്റർ ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈനിൽ 724 കി.മീറ്റർ മാത്രമേ സ്ഥാപിച്ചിട്ടുള്ളൂ. അവശേഷിക്കുന്ന 200 കി.മീ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള റീടെൻഡറിംഗ് നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| | | **പാക്കേജ് 4** - (14 റിസർവേയറുകൾ, അഡ്മിനിസ്ട്രേഷൻ ബിൽഡിംഗ്, ടെലി മെട്രിസെന്റർ, ക്വാർട്ടേഴ്സ്) നിർമ്മാണപ്രവർത്തികൾ പൂർത്തിയാക്കി യിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ ഇനി എന്തെല്ലാം പ്രവർത്തികൾ പൂർത്തീ കരിക്കേണ്ടതുണ്ട്; | (ബി) പാക്കേജ് 2-ലെ സ്കാഡയുമായി ബന്ധപ്പെട്ട പണികളും പാക്കേജ് 3-ലെ അവശേഷിക്കുന്ന 200 കി.മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണികളും ചെയ്തുകഴിഞ്ഞാൽ പ്രസ്തുത പദ്ധതി പൂർണമായും പ്രവർത്തന ക്ഷമമാക്കാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവർത്തികൾ എന്ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു? | (സി) പ്രസ്തുത പ്രവർത്തികൾ 2012 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**